# എൻഐടി കാലിക്കറ്റും യുകെയിലെ അൾസ്റ്റർ സർവകലാശാലയും ധാരണാപത്രത്തിൽ ഒപ്പുവച്ചു

എൻഐടി കാലിക്കറ്റും യുകെയിലെ ബെൽഫാസ്റ്റിലുള്ള അൾസ്റ്റർ യൂണിവേഴ്സിറ്റിയുമായി ഗവേഷണ സഹകരണത്തിനും വിദ്യാർത്ഥി/ഫാക്കൽറ്റി എക്സ്ചേഞ്ചുകൾക്കുമായി 4/1/2023 ഉച്ചയ്ക്ക് എൻഐടിസിയിലെ ബോർഡ് റൂമിൽ വെച്ച് ധാരണാപത്രം ഒപ്പുവച്ചു. എൻഐടി കാലിക്കറ്റ് ഡയറക്ടർ പ്രൊഫ.പ്രസാദ് കൃഷ്ണ അൾസ്റ്റർ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. പോൾ സീറൈറ്റ് (അസാന്നിധ്യത്തിൽ) എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ജോയിന്റ് പിഎച്ച്ഡി ഗൈഡൻസ്, യുജി, പിജി വിദ്യാർത്ഥികളുടെ ക്രെഡിറ്റ് ട്രാൻസ്ഫർ, രണ്ട് സർവകലാശാലകൾ തമ്മിലുള്ള സംയുക്ത പ്രൊജെക്ടുകൾ തുടങ്ങിയ അക്കാദമിക് പ്രോഗ്രാമുകൾക്ക് ധാരണാപത്രം തുടക്കമിടുമെന്ന് ഡയറക്ടർ സൂചിപ്പിച്ചു. ബെൽഫാസ്റ്റ് സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ബിൽറ്റ് എൻവയോൺമെന്റിലെ റിസർച്ച് ഡയറക്ടർ ഡോ. ജയന്ത മൊണ്ടൽ, അൾസ്റ്റർ സർവകലാശാലയിലെ എനർജി ആൻഡ് ബിൽഡിംഗ് സർവീസസ് ലക്ചറർ ഡോ. നിഖിൽ കുമാർ ഷാ, പ്രൊഫ. സതീദേവി പി.എസ് (ഡെപ്യൂട്ടി ഡയറക്ടർ), പ്രൊഫ. സമീർ എസ് എം, (ഡീൻ അക്കാദമിക്), പ്രൊഫ പി പി അനിൽ കുമാർ (ഡീൻ അലുമ്നി അഫയേഴ്സ്), ഡോ. എം കെ രവി വർമ്മ (സെന്റർ ഫോർ ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് ഫോറിൻ ലാംഗ്വേജ് ചെയർപേഴ്സൺ), പ്രൊഫ. സോണി വർഗീസ് (എച്ച്ഒഡി എസ്.എം.എസ്.ഇ), ഡോ. ഷിജോ തോമസ് (എസ്.എം.എസ്.ഇ) എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവച്ചത്. അൾസ്റ്റർ യൂണിവേഴ്സിറ്റിയിലെ ഡോ. നിഖിൽ കുമാർ ഷായും ഡോ. ജയന്ത

മൊണ്ടലും എൻഐടിസിയിലെ ഡോ. ഷിജോ തോമസും (എസ്എംഎസ്ഇ) ചേർന്നുള്ള റോയൽ സൊസൈറ്റി യുകെ ധനസഹായം നൽകിയ എക്സ്ചേഞ്ച് പ്രോജക്റ്റിന്റെ ഭാഗമായാണ് ഈ ധാരണാപത്രം സാക്ഷാത്കരിച്ചത്.